# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6355 03.04.2018-ൽ മറുപടിക്ക്

### സിനിമാ രംഗത്തെ സ്ത്രീകളുടെ അവസ്ഥയെപ്പറ്റി പഠിക്കുന്നതിനായി കമ്മീഷൻ

**ചോദ്യം**
ശ്രീ. വി.ആർ.സുനിൽകുമാർ

**മറുപടി**
ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാ രംഗത്തെ സ്ത്രീകളുടെ അവസ്ഥയെപ്പറ്റി പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയും, ശ്രീമതി വത്സലകുമാരി, ശ്രീമതി ശാരദ എന്നിവർ അംഗങ്ങളുമായി ഒരു പഠന കമ്മീഷനെ നിയോഗിച്ചിരുന്നോ ; വ്യക്തമാക്കുമോ ; | (എ) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 01.07.2017 ലെ സ.ഉ.(എം.എസ്) നം. 16/2017/സാം.കാ.വ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായും, ശ്രീമതി വത്സലാകുമാരി, ശ്രീമതി ശാരദ എന്നിവർ അംഗങ്ങളുമായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്മീഷന് ടേംസ് ഓഫ് റഫറൻസ് നിർണ്ണയിച്ച് നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ ; | (ബി) | 16.01.2017 ലെ സ.ഉ.(സാധാ) നം. 661/2017/സാം.കാ.വ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ഹേമ കമ്മറ്റിയുടെ ടേംസ് ഓഫ് റഫറൻസ് നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ജസ്റ്റിസ് ഹേമ കമ്മീഷനെ സിനിമാ രംഗത്തെ സ്ത്രീകളുടെ അവസ്ഥയെപ്പറ്റി പഠനത്തിനായാണോ അന്വേഷണത്തിനായാണോ നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുള്ളത്. |
| (ഡി) | ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രധാന ശുപാർശകൾ അറിയിക്കുമോ ? | (ഡി) | ജസ്റ്റിസ് കെ.ഹേമ വിദഗ്ദ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ